LIBRARY ARCHIVES Kerala Legislative Assembly.

വാമനപുരം ജലസേചന പദ്ധതി

65 [222] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം ജലസേചന പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി എന്നാണ് ആരംഭിച്ചത്; ഇതുവരെ എത്ര രൂപ ചെലവായി; വിശദമാക്കുമോ;

(ഡി) ഈ പദ്ധതി മൂലം ഇതുവരെ എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായി എന്നും വ്യക്തമാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) 1981-ൽ. 2003 ഡിസംബർ മാസം വരെ 17.70 കോടി രൂപ ചെലവായിട്ടുണ്ട്. ഇതിൽ 13.20 കോടി രൂപ ശമ്പളം ഇനത്തിലും 4.50 കോടി രൂപ മരാമത്ത് പണികൾക്കും സ്ഥലമെടുപ്പിനുമായി ചെലവായിട്ടുണ്ട്.

(ഡി) പദ്ധതി പരിഗണനയിലുള്ളതിനാൽ നഷ്ടം ഉണ്ടായതായി കണക്കാക്കാൻ നിവൃത്തിയില്ല.

കുണ്ടറ ശുദ്ധജല വിതരണ പദ്ധതിയുടെ നിയന്ത്രണം കൊല്ലം ഡിവിഷനിലാക്കുന്നത് സംബന്ധിച്ച്

66 [223] ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറ ശുദ്ധജലവിതരണ പദ്ധതിയുടെ നിയന്ത്രണം അടൂർ ഡിവിഷനിൽ നിന്നും കൊല്ലം ഡിവിഷനിലേക്ക് മാറ്റുന്നത് സംബന്ധിച്ച 26-12-2002-ലെ ഉന്നതതല യോഗനിർദ്ദേശം നടപ്പാക്കുകയുണ്ടായോ എന്ന് വെളിപ്പെടുത്തുമോ;

(ബി) കൊല്ലം ജില്ലയിലെ കൊട്ടാരക്കര, നെടുവത്തൂർ, കുണ്ടറ നിയോജക മണ്ഡലങ്ങൾക്ക് പ്രയോജനം ലഭിക്കേണ്ട കുണ്ടറ ശുദ്ധജല വിതരണ പദ്ധതിയുടെ നിയന്ത്രണം ജില്ലയ്ക്ക് പുറത്തുള്ള അടൂർ ഡിവിഷനിൽ നിന്ന് കൊല്ലം ഡിവിഷനിലേക്ക് മാറ്റണമെന്ന് ജനപ്രതിനിധികൾ 26-12-2002-ലെ യോഗത്തിൽ ഉന്നയിച്ച കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുണ്ടറ ശുദ്ധജലവിതരണ പദ്ധതിയുടെ നിയന്ത്രണം പൂർണ്ണമായും കൊല്ലം ഡിവിഷന്റെ പരിധിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിർദ്ദേശം നടപ്പാക്കിയിട്ടില്ല.

(ബി) ഉണ്ട്.

(സി) പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് നിയന്ത്രണ പരിധി ഇപ്പോൾ മാറ്റുന്നത് ആശാസ്യമല്ല.

കുണ്ടറ ശുദ്ധജല വിതരണ പദ്ധതിയിലെ പൈപ്പ് ലൈൻ ചോർച്ച

67 [224] ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറ ശുദ്ധജലവിതരണ പൈപ്പുകളിലെ ചോർച്ച കാരണം ഉണ്ടാകുന്ന ജലനഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചോർച്ച നിവാരണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിന് അനുമതി നൽകുകയുണ്ടായോ; എങ്കിൽ ഈ പ്രവൃത്തിക്ക് കരാർ നല്കുകയുണ്ടായോ എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി ആന്റ് സി) ചോർച്ച നിവാരണം ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റിന് അനുമതി നൽകുകയും, പ്രവൃത്തിക്ക് ഇൻഡ്യൻ ഹ്യും പൈപ്പ് കമ്പനിക്ക് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഇൻഡ്യൻ ഹ്യും പൈപ്പ് കമ്പനി ചോർച്ച നിവാരണ നടപടി പൂർത്തിയാക്കുകയും ചെയ്തു.

കുണ്ടറ ശുദ്ധജല വിതരണ പദ്ധതി

68 [225] ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ കുണ്ടറ ശുദ്ധജല വിതരണ പദ്ധതിയുടെ പ്രയോജനം ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകൾക്കാണ് ലഭിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly